## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 81 11.06.2014 ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ വിധിയും തുടർനടപടികളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.ഇ. പി. ജയരാജൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തമിഴ്നാടിന് മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പുയർത്താൻ അനുമതി ലഭിച്ച സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കുമോ; | (എ) ബഹു:സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ്നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാദ്ധ്യമായ എല്ലാനടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിലും ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ |

ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമീപപ്രദേശത്ത് ദുരന്ത നിവാരണ വകുപ്പിന്റെ ശക്തമായ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും അതുവഴി ജനങ്ങളുടെ ആശങ്കകുറയ്ക്കുന്നതിനുമുള്ള നടപടികൾ സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി). കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ വേണ്ട രാഷ്ട്രീയ പരിഹാരത്തിന് എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ;

07.05.2014-ലെ ബഹു:സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.05.2014-ൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ ധാരണയായതനുസരിച്ച് വിധിക്കെതിരെ റിവ്യൂഹർജി സമർപ്പിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഈ വിഷയം 09.06.14-ൽ നിയമസഭ വിശദമായി ചർച്ച ചെയ്ത് ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(സി) കേന്ദ്രത്തിൽ മുമ്പ് അധികാരത്തിലുണ്ടായിരുന്ന സർക്കാർ സംസ്ഥാന താല്പര്യം സംരക്ഷിക്കാനായി എന്തെങ്കിലും ഉറപ്പുകൾ നൽകിയിരുന്നോ; വിശദമാക്കാമോ?

സുപ്രീംകോടതിയുടെ പരിഗണനയിൽ ഉള്ള കാര്യമായതിനാൽ കേന്ദ്രത്തിൽ നിന്നും ഉറപ്പുകൾ ഒന്നും നൽകിയിരുന്നില്ല.

സെക്ഷൻ ഓഫീസർ